**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിന്നും അയച്ചിട്ടുള്ള ഏതെല്ലാം ഫയലുകളാണ് ധനകാര്യ വകുപ്പിന്റെ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ തീർപ്പുകൽപ്പിക്കാനുള്ളത്; അറിയിക്കുമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിന്നും അയച്ചിട്ടുള്ള ഫയലുകളൊന്നും നിലവിൽ ധനകാര്യ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ തീർപ്പുകൽപ്പിക്കാനില്ല |
| (ബി) | പ്രസ്തുത ഫയലുകൾ ധനകാര്യ വകുപ്പിൽ ലഭിച്ച തീയതിയും ഫയൽ പ്രോസസ്സിംഗ് നടത്തിയ തീയതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിന്നും 3 ഫയലുകൾ ആണ് ധനകാര്യ വകുപ്പിന്റെ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ ലഭിച്ചിരുന്നത് . 21.12.2021 തീയതിയിൽ ലഭിച്ച 8170 നമ്പർ പോർട്ടൽ ഫയൽ 11.01.2022 തീയതിയിൽ ഇ ഓഫീസിൽ പ്രോസസ്സ് ചെയ്യുകയും 02.02.2022 തീയതിയിൽ ലഭിച്ച 3157 , 4530 നമ്പർ പോർട്ടൽ ഫയലുകൾ 10.02.2022 തീയതിയിൽ ഇ ഓഫീസിൽ പ്രോസസ്സ് ചെയ്യുകയും ടി ഫയലുകളിലെ ഉത്തരവിൻ പ്രകാരമുള്ള മറുപടി ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയിട്ടുമുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ മറുപടിയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രസ്തുത ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിന്നും 3 ഫയലുകൾ ആണ് ധനകാര്യ വകുപ്പിന്റെ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ ലഭിച്ചിരുന്നത് . 21.12.2021 തീയതിയിൽ ലഭിച്ച 8170 നമ്പർ പോർട്ടൽ ഫയൽ 11.01.2022 തീയതിയിൽ ഇ ഓഫീസിൽ പ്രോസസ്സ് ചെയ്യുകയും 02.02.2022 തീയതിയിൽ ലഭിച്ച 3157 , 4530 നമ്പർ പോർട്ടൽ ഫയലുകൾ 10.02.2022 തീയതിയിൽ ഇ ഓഫീസിൽ പ്രോസസ്സ് ചെയ്യുകയും ടി ഫയലുകളിലെ ഉത്തരവിൻ പ്രകാരമുള്ള മറുപടി ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ മറുപടിയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

'ഭരണ ഭാഷ മാതൃഭാഷ'

GOVERNMENT OF KERALA

നം.1969627/എൻ.സി-ബി2/5/2022-ധന

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 03.03.2022

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ**
**ആലപ്പുഴ**

സർ,

വിഷയം :- ഹരിപ്പാട് നിയോജകമണ്ഡലം- ആസ്തി വികസന പദ്ധതിയിലെ ഒരു പ്രവർത്തി റദ്ദാക്കി മറ്റൊരു പ്രവൃത്തി ശുപാർശ ചെയ്യുന്നത്-സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന :-1) സ.ഉ(സാധാ)നം.8481/2021/ധന, തീയതി 28/12/2021
2) പോർട്ടൽ ഫയൽ 8170

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം മുൻ എം.എൽ.എ മാർ ശുപാർശ ചെയ്തിട്ടുള്ള 2017-18 മുതൽ 2020-21 വരെയുള്ള കാലത്തെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾക്ക് ഭരണാനുമതി നല്കാനുള്ള സമയപരിധി 31/03/2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മുൻ എം.എൽ.എ മാർ നിർദ്ദേശിച്ചിരുന്നതും ഭരണാനുമതി നൽകിയിരുന്നതുമായ പ്രവൃത്തികളിൽ നടപ്പിലാക്കുവാൻ സാധിക്കാത്ത പ്രവൃത്തികൾ റദ്ദ് ചെയ്ത നിലവിലെ എം.എൽ.എ മാർക്ക് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. എന്നാൽ ഇവിടെ മുൻ എം.എൽ.എ.യും ഇപ്പോഴത്തെ മുൻ എം.എൽ.എ യും ഒരാൾ തന്നെയായതിനാൽ മേൽ പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് പ്രസ്തുത വർക്കിൽ പാലം നിർമ്മാണം കൂടി ഉൾപ്പെടുത്തി നിലവിലുള്ള അടങ്കൽ പരിധിക്ക് വിധേയമായി തന്നെ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**പുഷ്പജ.എം.ജി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

GCPT. 4/2098/2019/1,00,000/S-18.

'ഭരണ ഭാഷ മാതൃഭാഷ'

GOVERNMENT OF KERALA

നം.1992980/എൻ.സി-ബി2/16/2022-ധന

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 03.03.2022

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ**
**ആലപ്പുഴ**

സർ,

വിഷയം :- ഹരിപ്പാട് നിയോജകമണ്ഡലം- ആസ്തി വികസന പദ്ധതി 2018-19- ഒരു പ്രവൃത്തി റദ്ദാക്കി മറ്റൊരു പ്രവൃത്തി നടപ്പാക്കുന്നതിന് -അനുമതി സംബന്ധിച്ച്.

സൂചന :-1) സ.ഉ(സാധാ)നം.8481/2021/ധന, തീയതി 28/12/2021
2) പോർട്ടൽ ഫയൽ 3157

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം 2017-18 മുതൽ 2020-21 വരെ സാമ്പത്തികവർഷത്തെ ആസ്തിവികസനഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾക്കു ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി 31/03/2022 വരെ ഉള്ളതിനാൽ ഹരിപ്പാട് നിയോജകമണ്ഡലം ബഹു.എം.എൽ.എ ശ്രീ.രമേശ് ചെന്നിത്തല അവർകളുടെ 2018-19 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "ചിങ്ങോലി വാർഡ് 1 കഴുവേറ്റം-കുന്നേൽ ഭാഗത്ത് പിച്ചിംഗ് നിർമ്മാണം" എന്ന പ്രവൃത്തി റദ്ദ് ചെയ്ത് "ഹരിപ്പാട് നഗരസഭ വാർഡ് 29 കാർത്തികപ്പള്ളി മങ്കുഴി തോടിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം" എന്ന പ്രവൃത്തി 24 ലക്ഷം രൂപയ്ക്കു അനുമതി നൽകാവുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
**പുഷ്പജ.എം.ജി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

'ഭരണ ഭാഷ മാതൃഭാഷ'

GOVERNMENT OF KERALA

നം.1992484/എൻ.സി-ബി2/15/2022-ധന

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 04.03.2022

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ**
**ആലപ്പുഴ**

സർ,

വിഷയം :- ഹരിപ്പാട് നിയോജകമണ്ഡലം- ആസ്തി വികസന പദ്ധതി 2019-20- ഒരു പ്രവൃത്തി റദ്ദാക്കി മറ്റൊരു പ്രവൃത്തി നടപ്പാക്കുന്നതിന് -അനുമതി സംബന്ധിച്ച്.

സൂചന :- പോർട്ടൽ ഫയൽ '4530'

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ 2019-20 ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹരിപ്പാട് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലേക്ക് ആസ്തിവികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നത്" എന്ന പ്രവൃത്തിയ്ക്ക് ടി തുക ഉപയോഗിച്ചിട്ടുണ്ടോ എന്നും "ചെറുതന പഞ്ചായത്ത് വാർഡ് 3 പെരുമാങ്കര പട്ടികജാതി സങ്കേതം തീരസംരക്ഷണ ഭിത്തിയുടെ നിർമ്മാണം-40 ലക്ഷം" എന്ന പ്രവൃത്തി ആസ്തി വികസന നിധി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമാണോ എന്നും പരിശോധിച്ച് സമർപ്പിക്കാൻ ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**പുഷ്പജ.എം.ജി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**